STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.56/PR/SPMC/PHQ/2025 Date: 11.04.2025

## പോലീസ് ബാഡ്മിന്റൺ & ടേബിൾ ടെന്നീസ് മേളയ്ക്ക് വർണാഭമായ തുടക്കം

വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പോലീസ് ഉദ്യോഗസ്ഥർ, കേന്ദ്രസേന അംഗങ്ങൾ എന്നിവർ അണിനിരന്ന വർണാഭമായ മാർച്ച്പാസ്റ്റോടെ കേരള പോലീസ് ആതിഥേയത്വം വഹിക്കുന്ന പ്രഥമ ആൾ ഇന്ത്യ പോലീസ് ബാഡ്മിന്റൺ & ടേബിൾ ടെന്നീസ് ക്ലസ്റ്റർ മത്സരങ്ങൾക്ക് കൊച്ചി രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഗെയിംസ് ഔദ്യോഗികമായി ആരംഭിച്ചതായി പ്രഖ്യാപിച്ചു. ഇന്ന് രാവിലെ മുതൽ ആരംഭിച്ച മത്സരങ്ങൾ ഏപ്രിൽ 15നു അവസാനിക്കും. മൊത്തം 1200 മത്സരങ്ങളാണ് അഞ്ചു ദിവസങ്ങളിലായി നടക്കുക. ഔദ്യോഗിക ഉദ്ഘാടനത്തിനുശേഷം ഗെയിംസ് വീഡിയോയും പ്രദർശിപ്പിച്ചു.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നിന്നുമുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് പുറമെ ആന്റമൻ നിക്കോബാർ ഐലൻഡ്, ആസാം റൈഫിൾസ്, BPR&D, BSF, CISF, CRPF, IB, ITBP, NDRF, NSG, CGO, RPF, SSB തുടങ്ങിയ 53 സേനാ വിഭാഗങ്ങളിൽ നിന്നുമുള്ള ഡി.ജി.പി റാങ്കിലുള്ള ഉദ്യോഗസ്ഥരും കായികമേളയിൽ പങ്കെടുക്കുന്നുണ്ട്. 43 ടീമുകളെ പ്രതിനിധീകരിച്ചുള്ള 1,033 മത്സരാർത്ഥികൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നു.

ഇതിൽ 825 പുരുഷന്മാരും 208 സ്ത്രീകളും ഉൾപ്പെടുന്നു. സിംഗിൾസ്, ഡബിൾസ്, മിക്സഡ് ഡബിൾസ് വിഭാഗങ്ങളിലായാണ് ബാഡ്മിന്റൻ, ടേബിൾ ടെന്നിസ് മത്സരങ്ങൾ നടക്കുന്നത്.

സംസ്ഥാന പൊലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ്, എ.ഡി.ജി.പിമാർ, ഐ.ജിമാർ, ഡി.ഐ.ജിമാർ, എസ്.പിമാർ, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, പ്രമുഖ വ്യക്തികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

************************